"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - താല്ക്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.498/2025/TAXES തീയതി,തിരുവനന്തപുരം, 27-05-2025

---

പരാമർശം:-

1. 07/06/2018 ലെ സ.ഉ.(കൈ)നം.43/2018/നി.വ
2. 18/08/2023 ലെ സ.ഉ.(സാധാ)നം.560/2023/നി.വ
3. 12/07/2024 ലെ സ.ഉ.(സാധാ)നം.621/2024/നി.വ
4. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 30/03/2025 ലെ SLTY/1628/2021-E3 നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദിവസവേതനാടിസ്ഥാനത്തിലുള്ള 28 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ താൽക്കാലിക തസ്തിക ഒരു വർഷ കാലയളവിലേയ്ക്ക് പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു. തുടർന്നുള്ള വർഷങ്ങളിലും ടി തസ്തികകൾക്ക് തുടർച്ചാനുമതി നല്കുകയുണ്ടായിയെന്നും പരാമർശം (2) പ്രകാരം ടി താല്ക്കാലിക തസ്തികളുടെ എണ്ണം 25 ആയി കുറച്ചിരുന്നുവെന്നും പരാമർശം (3) പ്രകാരം ടി 25 താല്ക്കാലിക തസ്തികകളുടെ കാലാവധി 07.06.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നല്കിയിരുന്നുവെന്നും ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിറ്റുവരവും ഏജന്റുമാരുടെ എണ്ണവും സമ്മാനങ്ങളുടെ എണ്ണവും മുൻവർഷങ്ങളേക്കാൾ വളരെയധികം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഭാഗ്യക്കുറി ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് കൂടുതൽ ജീവനക്കാരെ കൂടി നിയമിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നും നിലവിലെ ജോലിഭാരം കണക്കിലെടുത്ത് ടി 25 താൽക്കാലിക ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയുടെ കാലാവധി 07.06.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വികരിക്കണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാഗ്യക്കുറി വകുപ്പിൽ

അച്ചടിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവും തദനുസരണമായി സമ്മാനഘടനയിൽ മാറ്റം വന്നതു മൂലം ഉണ്ടായിട്ടുള്ള അധിക ജോലിഭാരവും കണക്കിലെടുത്ത് നിലവിലുള്ള **25** താല്ക്കാലിക താല്ക്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവന കാലാവധി **07.06.2025** മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ. തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
4. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
5. വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
6. ധനകാര്യ വകുപ്പ് ( **18.05.2025** ലെ **2072920/Exp. B1/269/2022-Fin** പ്രകാരം)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി **(TAXES-H1/108/2025-TAXES)**

ഉത്തരവിൻ പ്രകാരം
Signed by
Babu. G
Date: 27-05-2025 14:11:53
സെക്ഷൻ ഓഫീസർ